സുൽത്താൻബത്തേരിയിലെ റവന്യൂ ഭൂമി പതിച്ചു കൊടുക്കുന്നതിനെതിരെ പരാതി

106 (5290) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ സുൽത്താൻബത്തേരി താലൂക്കിൽ സുൽത്താൻ ബത്തേരി വില്ലേജിൽ എൻ.എച്ച്. 212 റോഡിൽ ശ്രീ. എബ്രഹാം ജോർജ്ജ് കുഴിനിലം എന്നയാളുടെ സ്ഥലത്തിന് സമീപം 3 സെന്റ് റവന്യൂ ഭൂമി പട്ടയം ഇല്ലാത്തത് ടിയാന് പതിച്ചു കൊടുക്കാൻ നടപടി ഉള്ളതായി എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) 23-9-2006-ലെ 76/ഡബ്യൂ.എൽ.ഡി/എം/ആർ/2006 ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയുടെ ഓഫീസിൽ നിന്നും ജില്ലാ കളക്ടർക്ക് അയച്ച കത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ ഭൂമി സബ്ഡിവിഷൻ ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വയനാട് താലൂക്ക് സർവ്വേ സൂപ്രണ്ട് ഓഫീസ്,താലൂക്ക് ഓഫീസ്, വില്ലേജ് ഓഫീസ് എന്നിവിടങ്ങളിലെ ചില ഉദ്യോഗസ്ഥർ ഭൂമി പതിച്ചു കൊടുക്കാൻ അനുകൂലിക്കുന്നതായി പരാതിയിൽ പ്രതിപാദിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത കത്ത് വയനാട് കളക്ടറേറ്റിൽ ലഭിച്ചതായി കാണുന്നില്ലായെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ചീയമ്പത്തെ ഭൂമി സംബന്ധിച്ച് റവന്യൂ രേഖകളിലെ തെറ്റ്

107 (5291) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുൽത്താൻബത്തേരി താലൂക്കിലെ ചീയമ്പം എന്ന സ്ഥലത്തെ കർഷകർക്ക് ഭൂമിക്ക് ആവശ്യമായ രേഖകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നിവേദനം നൽകിയിട്ടുണ്ടോ ;

(ബി) ഈ ഭൂമിയെ സംബന്ധിച്ചുള്ള റവന്യൂ രേഖകളിൽ തെറ്റ് വന്നിട്ടുണ്ട് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ വനഭൂമിയായി രേഖപ്പെടുത്താനിടയായത് തിരുത്തി ഇവിടത്തെ കർഷകർക്ക് പട്ടയം ഉൾപ്പെടെയുള്ള രേഖകൾ ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പ്രദേശത്തെ ഭൂമി സംബന്ധിച്ച് ജില്ലാ കളക്ടർ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) ഈ ഭൂമി സംബന്ധിച്ച് 40806/ജെ1/06/സി.എൽ.ആർ. എന്ന നമ്പറിൽ ഫയൽ നിലവിലുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) റവന്യൂ രേഖകളിൽ തെറ്റ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 1-1-1997-ന് മുമ്പ് ഭൂമി കയ്യേറിയ കർഷകരിൽ നിന്നും ഭൂനികുതി സ്വീകരിക്കുവാൻ നടപടികൾ ജില്ലാ തലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) റിപ്പോർട്ട് തയ്യാറാക്കി ഉടൻതന്നെ സർക്കാരിൽ സമർപ്പിക്കുന്നതാണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) 40806/ജെ.1/06/സി.എൽ.ആർ. എന്ന നമ്പരിൽ ഫയൽ നടപടിയിലില്ല. പ്രസ്തുത ഫയലിൽ 14-2-2007-ൽ നടപടികൾ അവസാനിച്ചതായി കാണുന്നു. കെ.ഡിസ്.40806/ജെ1/06/എൽ.ആർ.ജെ.1 തീയതി 14-2-2007 എന്ന തീർപ്പ് ഫയൽ പരിശോധിച്ചതിൽ വയനാട് ജില്ലയിൽ ഇരുളം വില്ലേജിൽ ചീയമ്പം എന്ന സ്ഥലത്ത് 1-1-1977-ന് മുമ്പ് ഭൂമി കയ്യേറിയ കർഷകർക്ക് കൈവശരേഖ നൽകുന്നത് സംബന്ധിച്ച് വയനാട് ജില്ലാ കളക്ടറുടെ റിപ്പോർട്ടാണ് അടിസ്ഥാനമാക്കിയത്. പ്രസ്തുത റിപ്പോർട്ട് കസ്റ്റോഡിയൻ ഓഫ് വെസ്റ്റഡ് ഫോറസ്റ്റുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി 28-11-2006-ൽ വയനാട് ജില്ലാ കളക്ടർക്ക് തിരികെ അയച്ചിട്ടുണ്ട് എന്ന് ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ടാറ്റയുടെ ഭൂമി കയ്യേറ്റം

108 (5292) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടാറ്റയുടെ ഭൂമി കയ്യേറ്റം സംബന്ധിച്ച് കേന്ദ്ര സംഘത്തിന് മുമ്പിൽ സംസ്ഥാന സർക്കാരിനു വേണ്ടി എന്തൊക്കെ രേഖകളാണ് ഹാജരാക്കിയതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ രേഖകളുടെ അടിസ്ഥാനത്തിൽ ടാറ്റാ വൻ കയ്യേറ്റം നടത്തിയിട്ടുണ്ടെന്ന് കേന്ദ്ര സംഘം കണ്ടെത്തുകയുണ്ടായോ ;

(സി) എത്ര ഹെക്ടർ ഭൂമിയാണ് യഥാർത്ഥത്തിൽ കയ്യേറിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly